# ഇബ്നു റവാഹ കൊതിച്ചതും ലഭിച്ചതും

സുഹൃത്തുക്കളെ കണ്ടാൽ 'വരൂ സുഹൃത്തേ, നമുക്കൽപം ഒന്നിച്ചിരുന്ന് ഈമാൻ വർധിപ്പിക്കാം' (ഇജ്‌ലിസ് ബിനാ നുഅ്മിൻ സാഅ) എന്നു പറഞ്ഞായിരുന്നു അദ്ദേഹം അവരെ ക്ഷണിച്ചിരുന്നത് (ഇഖ്‌വാനികളായ ഇസ്‌ലാമിക പ്രവർത്തകർക്കിടയിൽ ഈ പ്രയോഗവും സമ്പ്രദായവും ഇന്നും നിലവിലുണ്ട്).

കാലം സാക്ഷി ● കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

**മക്കയിൽ** രണ്ടാം അഖബാ ഉടമ്പടി നടക്കുന്ന സന്ദർഭം. മദീനയിൽനിന്ന് വന്ന ഔസ്-ഖസ്‌റജ് ഗോത്രങ്ങളിലെ പ്രമുഖരായ എഴുപതിൽ പരം വിശ്വാസികൾ അവരോടൊപ്പം കഴിയാൻ നബി(സ)യെ മദീനയിലേക്ക് ക്ഷണിച്ചു. സന്ധിയുടെ ഉപാധികളാണ് ചർച്ച ചെയ്യുന്നത്.

അവർ പ്രവാചകനോട് പറഞ്ഞു: "താങ്കളുടെ രക്ഷിതാവിനും താങ്കൾക്കും എന്തുപാധിയാണ് പ്രതീക്ഷിക്കുന്നത്?"

"അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുക, അവനിൽ ആരെയും പങ്കുചേർക്കാതിരിക്കുക, എന്റെ രക്ഷിതാവിന് ഈയൊരു ഉപാധി മാത്രമേയുള്ളൂ. നിങ്ങൾ സ്വന്തം ജീവനും ധനവും എപ്രകാരം സംരക്ഷിക്കുന്നുവോ അപ്രകാരം എന്നെയും സംരക്ഷിക്കുക. ഇതാണ് എനിക്കായി നിങ്ങളോടാവശ്യപ്പെടുന്നത്"- നബി(സ) പറഞ്ഞു. യുവ സ്വഹാബിയും ഖസ്‌റജ് ഗോത്രക്കാരനുമായ അബ്ദുല്ലാഹിബ്നു റവാഹ ചോദിച്ചു: ''അങ്ങനെ ചെയ്താൽ ഞങ്ങൾക്കെന്തു കിട്ടും?"

"സ്വർഗം"- നബി(സ)യുടെ മറുപടി.

"ലാഭകരമായ കച്ചവടം. റദ്ദാക്കാനൊന്നുമില്ല. കച്ചവടം ഉറപ്പിച്ചതുതന്നെ" -പ്രതിനിധിസംഘം പ്രതികരിച്ചു.

ഭൗതികമായ അധികാരമോ പ്രതാപമോ സമ്പൽസമൃദ്ധിയോ ഒന്നും ഇരുകൂട്ടരും ഉടമ്പടിയിൽ പറഞ്ഞില്ല. സ്വർഗം മാത്രം. അത് കിട്ടുകയും വേണം. അത് കിട്ടാൻ പക്ഷേ, ജീവനഷ്ടം ഉൾപ്പെടെ ഒട്ടേറെ കടമ്പകൾ താണ്ടിക്കടക്കേണ്ടതുണ്ട്. എല്ലാം അറിഞ്ഞുകൊണ്ടുതന്നെ മദീനയിലേക്ക് പ്രവാചകനെ ക്ഷണിക്കുകയാണ് അവർ. ഇവരിൽ പ്രമുഖൻ ഇബ്നു റവാഹ തന്നെ. പിന്നെയങ്ങോട്ട് സ്വർഗം നേടുക എന്ന ഒറ്റ ലക്ഷ്യം മുന്നിൽ കണ്ട് കർമനിരതനാവുകയായിരുന്നു അദ്ദേഹം. അതിനുള്ള ഏറ്റവും ഉദാത്തമായ വഴി രക്തസാക്ഷ്യമാണെന്നു മനസ്സിലാക്കി.

മുമ്പ് അഖബയിൽ വെച്ചു നടന്ന ഒന്നാം ഉടമ്പടിയുടെ തുടർച്ചയായിരുന്നു ഇപ്പോഴത്തെ രണ്ടാം ഉടമ്പടി. പന്ത്രണ്ടംഗ ദൗത്യസംഘമാണ് അന്ന് മദീനയിൽനിന്ന് വന്നത്. അന്നും അബ്ദുല്ലാഹിബ്നു റവാഹ ഉണ്ടായിരുന്നു. അങ്ങനെ മദീനയിലെ ആദ്യകാല പ്രമുഖ ഇസ്‌ലാമിക പ്രവർത്തകരിലൊരാളായി അദ്ദേഹം അറിയപ്പെട്ടു.

ബദ്റിൽ മുന്നിട്ടിറങ്ങിയ ഭടന്മാരിൽ ഒരാളായിരുന്നെങ്കിലും മക്കാ മുശ്‌രിക്കുകളായ ശത്രുപക്ഷം, മക്കക്കാരായ യുവാക്കൾ തന്നെ യുദ്ധരംഗത്തേക്ക് വരട്ടെ എന്ന് ശഠിച്ചതിനാൽ ഇബ്നു റവാഹയും കൂടെയുണ്ടായിരുന്ന മദീനാ ഭടന്മാരും പിൻവാങ്ങുകയാണുണ്ടായത്. ബദ്റിൽ മാത്രമല്ല, ഉഹുദ്, ഖന്ദഖ്, ഹുദൈബിയ, ഖൈബർ, മുഅ്ത്ത എന്നീ യുദ്ധങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സജീവ പങ്കാളിത്തമുണ്ടായി. ബദ്റിലെ വിജയവാർത്ത വിളംബരം ചെയ്യാൻ നബി

ചുമതലപ്പെടുത്തിയതും അദ്ദേഹത്തെയായിരുന്നു.

ഇസ്‌ലാമിക പ്രവര്‍ത്തനത്തിനായി സുഹൃത്തുകളെ സമ്പാദിക്കുക, അതിനായി സന്ദര്‍ശനങ്ങള്‍ നടത്തുക, അവരുടെ കൂടെ സമയം ചെലവഴിക്കുക- ഇതൊക്കെയായിരുന്നു ഇഷ്ട കര്‍മങ്ങള്‍. രണ്ട് വിശ്വാസികള്‍ ഒന്നിച്ചിരിക്കുകയോ കൂടിക്കഴിയുകയോ ചെയ്താല്‍, ഇരുവര്‍ക്കും വിശ്വാസ(ഈമാന്‍) വര്‍ധനയുണ്ടാകും എന്നാണ് സുഹൃത്തുക്കളെ ഇടതടവില്ലാതെ സന്ദര്‍ശിക്കുന്നതിന് പറയാറുള്ള ന്യായം. സുഹൃത്തുക്കളെ കണ്ടാല്‍ 'വരൂ സുഹൃത്തേ, നമുക്കല്‍പം ഒന്നിച്ചിരുന്ന് ഈമാന്‍ വര്‍ധിപ്പിക്കാം (ഇജ്‌ലിസ് ബിനാ നുഅ്മിന്‍ സാഅ) എന്നു പറഞ്ഞായിരുന്നു അദ്ദേഹം അവരെ ക്ഷണിച്ചിരുന്നത് (ഇഖ്‌വാനികളായ ഇസ്‌ലാമിക പ്രവര്‍ത്തകര്‍ക്കിടയില്‍ ഈ പ്രയോഗവും സമ്പ്രദായവും ഇന്നും നിലവിലുണ്ട്).

ആദര്‍ശബന്ധുക്കളോടുള്ള സ്‌നേഹപൂര്‍ണമായ അടുപ്പം നിലനിര്‍ത്തുമ്പോഴും, ദീനിന് തുരങ്കം വെക്കാന്‍ ഒളിഞ്ഞും തെളിഞ്ഞും അവസരം നോക്കി നടന്നിരുന്ന കപടന്മാരെ തിരിച്ചറിയാനും നിലക്ക് നിര്‍ത്താനും അദ്ദേഹത്തിന് സാധിച്ചു. കപടന്മാരുടെ നേതാവായ അബ്ദുല്ലാഹിബ്‌നു ഉബയ്യ് ഇസ്‌ലാമിനും മുസ്‌ലിംകള്‍ക്കുമെതിരെ നടത്തിയിരുന്ന ഗൂഢതന്ത്രങ്ങളെ വെളിച്ചത്ത് കൊണ്ടുവരുന്നതിലും, മദീനയില്‍നിന്ന് നബി(സ)യെ ആട്ടിയോടിക്കാന്‍ തീരുമാനിച്ച അയാളെ കര്‍ക്കശമായി നേരിടുന്നതിലും ഇബ്‌നു റവാഹ മുന്‍പന്തിയിലുണ്ടായിരുന്നു.

* * * *

മദീനയിലെ ചുരുക്കം സാക്ഷരരിലും സര്‍ഗപ്രതിഭകളിലും ഒരാളായിരുന്ന ഇബ്‌നു റവാഹ കവിയായും അറിയപ്പെട്ടു. "കവികളുടെ പിന്നാലെ കൂടുന്നത് വഴിപിഴച്ച ജനമാകുന്നു. അവര്‍ സകല താഴ്‌വരകളിലും അലഞ്ഞു തിരിയുന്നത് താങ്കള്‍ കാണുന്നില്ലേ? തങ്ങള്‍ പ്രവര്‍ത്തിക്കാത്തത് പറയുന്നവരാണവര്‍" എന്ന കവികളെക്കുറിച്ച ഖുര്‍ആനിലെ പരാമര്‍ശം കേട്ട് അദ്ദേഹം ദുഃഖിതനായി. തുടര്‍ന്ന് "സത്യവിശ്വാസം കൈക്കൊണ്ടവരും സല്‍ക്കര്‍മങ്ങളാചരിച്ചവരും അല്ലാഹുവിനെ ഏറെ സ്മരിച്ചവരും തങ്ങള്‍ അക്രമിക്കപ്പെട്ടപ്പോള്‍ അതിനെ നേരിടുക മാത്രം ചെയ്തവരും ഒഴികെ" എന്ന പരാമര്‍ശവും കൂടി വന്നപ്പോഴാണ് ദുഃഖമകന്നത്.

കവിതകളിലൂടെ ഇസ്‌ലാമിനെ പ്രതിരോധിക്കാന്‍ ആവേശത്തോടെ മുന്‍നിരയിലുണ്ടാവും. ഇബ്‌നു റവാഹയുടെ കവിത കേള്‍ക്കാന്‍ നബി(സ)ക്കും ഇഷ്ടമായിരുന്നു. ചിലപ്പോള്‍ കവിതകള്‍ ആവര്‍ത്തിച്ച് ചൊല്ലാന്‍ ആവശ്യപ്പെടും. ഇബ്‌നു റവാഹയെപ്പോലെ നിമിഷക്കവിയായി ശോഭിച്ചവര്‍ വിശ്വാസി സമൂഹത്തില്‍ അധികം പേരില്ല. ഹിജ്‌റ ഏഴാം വര്‍ഷം ഖുറൈശികളുമായുണ്ടാക്കിയ സന്ധിപ്രകാരം ഉംറ ചെയ്യാനായി നബിയും അനുചരന്മാരും മക്കയില്‍ പ്രവേശിച്ചുകൊണ്ടിരിക്കെ, നബിക്ക് വഴി മാറിക്കൊടുക്കാന്‍ കവിതാലാപനത്തിലൂടെ നിഷേധികളോട് ആവശ്യപ്പെടുകയായിരുന്നു അദ്ദേഹം. നബിയെ വഹിച്ചുകൊണ്ടുള്ള ഒട്ടകത്തിന്റെ മൂക്കുകയര്‍ പിടിച്ചു നടന്നിരുന്നത് അദ്ദേഹമായിരുന്നു. യുദ്ധരംഗങ്ങളിലും ത്രസിപ്പിക്കുന്ന ഈരടികള്‍ ചൊല്ലി അദ്ദേഹം പടയാളികളെ ആവേശം കൊള്ളിച്ചു.

* * * *

മുഅ്ത്താ യുദ്ധത്തിലെ മൂന്ന് സേനാനായകരില്‍ ഒരാളായിരുന്നു ഇബ്‌നു റവാഹ. സൈനികര്‍ മുഅ്ത്തയിലേക്ക് പുറപ്പെടുമ്പോള്‍ അവര്‍ സുരക്ഷിതരായി തിരിച്ചുവരാന്‍ മുസ്‌ലിംകള്‍ പ്രാര്‍ഥിച്ചു. ഇബ്‌നു റവാഹയുടെ പ്രാര്‍ഥന കവിതാ രൂപത്തിലായിരുന്നു: "അല്ല, തിരിച്ചുവരവല്ല ഞാന്‍ കൊതിക്കുന്നത്. മുഖ്യ ശത്രുവില്‍നിന്ന്, കരളും കുടല്‍മാലകളും തുളഞ്ഞുകയറുന്ന കനത്ത ഒരു കുത്ത് ഏല്‍ക്കട്ടെ. രക്തസാക്ഷിത്വത്തിലൂടെ പാപമോചനം ലഭിക്കുമാറാകട്ടെ."

സൈന്യം മുന്നോട്ടു നീങ്ങി. മൂവായിരം പേരായിരുന്നു അവര്‍. മറുപക്ഷത്ത് രണ്ടു ലക്ഷം വരുന്ന റോമാ പട്ടാളം എല്ലാവിധ ആയുധ സജ്ജീകരണങ്ങളോടെയും. ഇത് മുസ്‌ലിംകളുടെ വിദേശ സൈനികരുമായുള്ള ആദ്യ പോരാട്ടവുമാണ്. 'നബിയെ വിവരം അറിയിച്ചാല്‍ അവിടുന്ന് കൂടുതല്‍ സൈനികരെ അയച്ചുതരും. അങ്ങനെ മുസ്‌ലിംസൈന്യത്തിന് ശക്തിപകരാം', 'തിരുമേനിയുടെ നിര്‍ദേശം ലഭിക്കുന്നതുവരെ കാത്തിരിക്കാം' എന്നൊക്കെ സ്വഹാബികളില്‍ ചിലര്‍ പറയുന്നുണ്ടായിരുന്നു. മറിച്ചായിരുന്നു ഇബ്‌നു റവാഹയുടെ നിലപാട്. അദ്ദേഹം പറഞ്ഞു: "സഹപ്രവര്‍ത്തകരേ, ഭൗതിക സജ്ജീകരണങ്ങള്‍ കൊണ്ടോ ആള്‍പെരുപ്പം കൊണ്ടോ ശത്രുസൈന്യങ്ങളെ തോല്‍പിക്കാമെന്ന് നാം പഠിപ്പിക്കപ്പെട്ടിട്ടില്ല. ഉത്തമ ദീനിന്റെ ഉത്തമ വക്താക്കളായ നാം വഴിയില്‍ ശങ്കിച്ചും സംശയിച്ചും നില്‍ക്കാവതല്ല. ഒന്നുകില്‍ വിജയം, അല്ലെങ്കില്‍ പുണ്യമരണം"- ഇബ്‌നു റവാഹയുടെ ആഹ്വാനം മുസ്‌ലിംകള്‍ ചെവിക്കൊണ്ടു. പൂര്‍വോപരി ഊര്‍ജസ്വലരായി അവര്‍ മുഅ്ത്ത ലക്ഷ്യമാക്കി കുതിച്ചു.

യുദ്ധത്തില്‍ മൂന്ന് സേനാനായകരില്‍ സൈദുബ്‌നു ഹാരിസ ആദ്യം രക്തസാക്ഷിയായി. തുടര്‍ന്ന് ജഅ്ഫറുബ്‌നു അബീത്വാലിബ് പതാകയെടുത്തു പോരാടി. അദ്ദേഹവും രക്തസാക്ഷിയായി. മൂന്നാം ഊഴമായിരുന്നു ഇബ്‌നു റവാഹയുടേത്. സൈദിന്റെയും ജഅ്ഫറിന്റെയും വികൃതമാക്കപ്പെട്ട മൃതദേഹങ്ങളും രക്തവും കണ്ട് ഇബ്‌നു റവാഹ അല്‍പം ഇടറിപ്പോയി. പിന്നെ ആത്മബലം വീണ്ടെടുത്ത് കുതിരപ്പുറത്തേറി മുന്നോട്ടു കുതിച്ചു. ഈ ശൂരഗാനം ഉച്ചത്തില്‍ ഉതിര്‍ത്തുകൊണ്ട്: "ശരീരമേ! നീ യുദ്ധരംഗത്തേക്ക് എടുത്തു ചാടാന്‍ മടിക്കുന്നുവോ? മരണത്തെ പേടിക്കുന്നുണ്ടോ നീ. എങ്കില്‍ അതു വേണ്ട. നിന്നെ ഞാന്‍ പിടിച്ചിറക്കുകതന്നെ ചെയ്യും. നീ ഇവിടെ വെച്ചുവധിക്കപ്പെട്ടിട്ടില്ലെങ്കിലും മരണം ഉറപ്പ്. ഇത്രയും നാള്‍ കൊതിച്ച രക്തസാക്ഷ്യം കൈവരിക്കണോ. എങ്കില്‍ ഇറങ്ങൂ. അവരിരുവരും (സൈദും ജഅ്ഫറും) ഇറങ്ങിയപോലെ."

അദ്ദേഹം രണാങ്കണത്തിലേക്ക് എടുത്തു ചാടി ധീരമായി പോരാടി. ഏറെ നേരം നീണ്ട പോരാട്ടത്തിനിടയില്‍ ക്ഷീണിച്ച് പരവശനാകുന്നുണ്ടെന്ന് കണ്ടറിഞ്ഞ അദ്ദേഹത്തിന്റെ പിതൃവ്യപുത്രന്‍ പൊരിച്ച മാംസപ്പൊതിയുമായി 'ഇത് തിന്നോളൂ എന്നിട്ടാവാം ഈ മരണപ്പോരാട്ടം' എന്നു പറഞ്ഞ് അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം അത് വാങ്ങി ഭക്ഷിക്കാന്‍ തുടങ്ങുന്നതേയുള്ളൂ.യുദ്ധമുഖത്ത് ഒരു ബഹളം. അദ്ദേഹം ആര്‍ത്തിരമ്പുന്ന ശത്രുനിരയിലേക്ക് വീണ്ടും എടുത്തു ചാടി. മാംസപ്പൊതി പിതൃവ്യപുത്രന് എറിഞ്ഞുകൊടുത്തു. അദ്ദേഹം പറഞ്ഞു. "ഇനി ഇത് വേണ്ട, ദുന്‍യാവ് ഇത്ര മതി." ശത്രുസൈന്യത്തിന്റെ വെട്ടും കുത്തുമേറ്റ് ഇബ്‌നു റവാഹ രക്തസാക്ഷിയായി. അങ്ങനെ ബദ്ര്‍ മുതല്‍ കൊതിച്ചുപോന്ന അദ്ദേഹത്തിന്റെ ശഹാദത്ത് മുഅ്ത്തയില്‍ സഫലമായി.

യുദ്ധാനന്തരം, ആ മൂന്ന് പടനായകരും സ്വര്‍ഗാരോഹണം ചെയ്തതായി നബി(സ) പ്രസ്താവിച്ചു. ■